പ്രചാരണത്തിലോ അധികാരം പിടിച്ചെടുക്കുന്നതിലോ ജനപ്രതിനിധികളായി മാറുന്നതിലോ മാത്രം ഒതുങ്ങി നിൽക്കുന്ന ഒന്നായിട്ടല്ല സഭ കാണുന്നത്. കക്ഷിരാഷ്ട്രീയത്തിനതീതമായി എല്ലാ തലങ്ങളിലും നീതിയും ന്യായവും ഉറപ്പുവരുത്തുന്ന ഒരു സമ്മർദ്ദശക്തിയായി ഉയർന്നുനില്ക്കുന്നതാണ് സഭയുടെ രാഷ്ട്രീയം.

## 6. ശക്തമായ ആത്മായ നേതൃത്വം രാഷ്ട്രീയ ഇടപെടലുകളും

ഇവിടെ പ്രസക്തമായ മറ്റൊരു ചോദ്യമുദിക്കുന്നു. ആരാണ് സഭ? സഭ മെത്രാന്മാരും വൈദികരും മാത്രമല്ല, മെത്രാന്മാരും വൈദികരും ഉൾപ്പെടുന്ന ദൈവജനസമൂഹമാണ്. ഉത്തരവാദിത്വങ്ങൾ വിവിധങ്ങളാണെങ്കിലും സഭ ഏക ശരീരമാണ്. ആദ്ധ്യാത്മിക രംഗത്തും സാമൂഹ്യ-സാംസ്ക്കാരിക രാഷ്ട്രീയ രംഗങ്ങളിലും ദൈവജനം മുഴുവനും ഒറ്റക്കെട്ടായിട്ടാണ് പ്രവർത്തിക്കുന്നത്. അതേസമയംതന്നെ സാമൂഹ്യ രാഷ്ട്രീയ കാര്യങ്ങളിൽ ആദ്ധ്യാത്മീക നേതൃത്വത്തിന്റെ പിൻബലത്തോടെ മുൻപന്തിയിൽ നില്ക്കേ ത് അല്മായരാണ്. ഇത്തരമൊരു ശക്തമായ അല്മായ നേതൃത്വം ഇനിയും രൂപപ്പെടാത്തതാണ് കേരളത്തിലെ ലത്തീൻ സമുദായത്തിന്റെ വലിയൊരു കുറവ്. കാലാകാലങ്ങളിൽ ഉയരുന്ന സാമൂഹ്യ രാഷ്ട്രീയ സാംസ്ക്കാരിക പ്രശ്നങ്ങളിൽ പലപ്പോഴും പ്രകടമായി പ്രതികരിക്കുന്നത് ആദ്ധ്യാത്മീക നേതൃത്വമാണ്. സഭാസംബന്ധമായ കാര്യങ്ങളിൽ അപ്പോഴപ്പോഴായി ആദ്ധ്യാത്മീക നേതൃത്വം ചില രാഷ്ട്രീയ ഇടപെടലുകളൊക്കെ നടത്തേ ആവശ്യം വരും. എന്നാൽ സമുദായത്തെ സംബന്ധിക്കുന്ന രാഷ്ട്രീയ ഇടപെടലുകൾ നടത്തേ ിവരുമ്പോൾ ആദ്ധ്യാത്മികനേതൃത്വം മുന്നിലും അല്മായ നേതൃത്വം പിന്നിലും നില്ക്കുന്നത് ഇരുകൂട്ടർക്കും ദോഷകരമാണ്. ആദർശങ്ങളെയും മൂല്യങ്ങളെയും സംരക്ഷിക്കുന്നതിൽ മാത്രമല്ല കക്ഷിരാഷ്ട്രീയത്തിലും അല്മായർക്ക് പൗരന്മാരെന്ന നിലയിൽ കൂടുതൽ സ്വതന്ത്രമായി ഇടപെടാൻ സാധിക്കും.

## 7. ജനപങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി

ഇന്നത്തെ സ്ഥിതിയിൽ രാഷ്ട്രീയപാർട്ടികളിലൂടെയും തദ്ദേശസ്വയംഭരണ സംവിധാനങ്ങളിലൂടെയുമാണ് രാഷ്ട്ര നിർമ്മിതിയിൽ സഹകരിക്കുവാൻ നമുക്ക് അവസരം ലഭിക്കുന്നത്. വിശ്വാസത്തിന്റെ വെളിച്ചത്തിൽ മനഃസാക്ഷിയനുസരിച്ച് ഏതുരാഷ്ട്രീയ പാർട്ടിവേണമെങ്കിലും തിരഞ്ഞെടുക്കുവാനുള്ള സ്വാതന്ത്ര്യം സഭാംഗങ്ങൾക്കു ്. നമ്മുടെ വിശ്വാസത്തിനും ധാർമ്മികമൂല്യങ്ങൾക്കും ഹാനികരമല്ലാത്ത രാഷ്ട്രീയ പാർട്ടികളിൽ ധാരാളം സഭാംഗങ്ങൾ കടന്നുവരണം. ഇന്നത്തെ നമ്മുടെ സ്ഥിതി വളരെയേറെ ശോചനീയമാണ്. കേരള ജനസംഖ്യയുടെ നാലിലൊരുഭാഗം ക്രൈസ്തവരാണെങ്കിലും അവരിൽ നല്ലൊരു ഭാഗവും പൊതുവെ രാഷ്ട്രീയമായ ഇടപെടലുകളിൽ നിന്നും പിന്മാറി നില്ക്കുന്നവരാണ്; ലത്തീൻ കത്തോലിക്കരാണെങ്കിൽ വളരെയേറെ പുറകിലുമാണ്. നീതി കിട്ടുന്നില്ലെന്നുപറഞ്ഞ് നാം മുറവിളികൂട്ടിയിട്ടു കാര്യമില്ല. പങ്കാളിത്തത്തിലൂടെ നീതി ലഭ്യമാക്കുന്ന അവസരങ്ങൾ നന്നായി ഉപയോഗപ്പെടുത്തുവാൻ നാമും സഹകരിക്കേ തായിട്ടു ്. ഇതാണ് പങ്കാളിത്തത്തിലൂടെ രാഷ്ട്രീയ നീതി എന്ന ഇന്നത്തെ വിഷയം അവതരിപ്പിക്കുന്നവർ നിങ്ങളോടു പറയാൻ പോകുന്നത്. നമുക്കെല്ലാം എളുപ്പം കടന്നുചെന്ന് പ്രവർത്തിക്കാവുന്ന തദ്ദേശ സ്വയംഭരണ

സ്ഥാപനങ്ങളിലെ പങ്കാളിത്തത്തെക്കുറിച്ചാണ് ഇന്നു പ്രധാനമായും നാം ചിന്തിക്കുന്നത്. ഗ്രാമസഭകൾ, പഞ്ചായത്തുകൾ മുനിസിപ്പാലിറ്റി, കോർപ്പറേഷൻ തുടങ്ങിയ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ സഭാംഗങ്ങളുടെ സജീവ ഭാഗഭാഗിത്വമു ാകണം. പലരും വിചാരിക്കുന്നതുപോലെ ഒരു വോട്ടുബാങ്കായിനിന്ന് നമ്മുടെതന്നെ ജനപ്രതിനിധികളെ വിജയിപ്പിച്ചെടുക്കുവാൻ മാത്രമല്ല, നമ്മുടെ ശക്തി തെളിയിക്കാനല്ല രാഷ്ട്രീയ സംവിധാനങ്ങളിൽ നാം വരണമെന്നു പറയുന്നത്, അപ്രകാരമൊരു ധാരണ ഉളവാക്കുന്നതുതന്നെ നമ്മുടെ ഭരണഘടനയുടെ മതേതരത്വ സ്വഭാവത്തിനെതിരാണ്; അത് സമുദായങ്ങളെ തമ്മിലകറ്റുകയും വർഗ്ഗീയത വർദ്ധിപ്പിക്കുകയും ചെയ്യും. തീർച്ചയായും നല്ലവരായ മറ്റു സമുദായാംഗങ്ങളുടെ സഹകരണത്തോടെ രാഷ്ട്രീയ സംവിധാനങ്ങളിൽ നമുക്ക് അർഹമായ പ്രാതിനിധ്യം ഉറപ്പുവരുത്താൻ ശ്രമിക്കുന്നതിൽ തെറ്റില്ല. എന്നാൽ അതുതന്നെയും ആരെയും വെല്ലുവിളിക്കാനോ ആരുടെയെങ്കിലുംമേൽ ആധിപത്യം സ്ഥാപിക്കാനുമുള്ള മനോഭാവത്തോടുകൂടിയായിരിക്കരുത്; യേശു നമ്മെ പഠിപ്പിക്കുന്നതുപോലെ ശുശ്രൂഷാ മനോഭാവത്തോടുകൂടിയായിരിക്കണം; രാഷ്ട്ര നിർമ്മിതിക്കായി നമ്മളാലാവുന്ന സംഭാവനകൾ നല്കുക എന്ന ആഗ്രഹത്തോടുകൂടിയായിരിക്കണം; ക്രിസ്തീയാരൂപിയോടുകൂടി ആവശ്യമെന്നു ക ാൽ നമുക്ക് അർഹമായതും മറ്റുള്ളവരുടെ നന്മയ്ക്കായി, പൊതുനന്മയ്ക്കായി വിട്ടുകൊടുക്കുവാനുള്ള മനോഭാവത്തോടുകൂടിയായിരിക്കണം. പ്രധാനമായും നാം രാഷ്ട്രീയ സംവിധാനങ്ങളിൽ കടന്നുവരേ ത് നമ്മുടെ വിശ്വാസത്തിന് എല്ലാവരുടെയും മുമ്പിൽ സാക്ഷ്യം വഹിക്കുവാനായിരിക്കണം, അനുവദിക്കപ്പെട്ട വിഭവങ്ങൾ ഫലപ്രദമായി വിനിയോഗിക്കുന്നതിനായിരിക്കണം; നമ്മുടെ പുരോഗതിക്കാവശ്യമായ പദ്ധതികൾ നാം തന്നെ ആസൂത്രണം ചെയ്തു നടപ്പിലാക്കുന്നതിനായിരിക്കണം.

സഭാംഗങ്ങളായ നമ്മോട് യേശു പറയുന്നതിതാണ്: ''നിങ്ങൾ ഭൂമിയുടെ ഉപ്പാകുന്നു''; ''നിങ്ങൾ ലോകത്തിന്റെ പ്രകാശമാകുന്നു'' (cfr. മത്താ. 5, 13-16). ഉപ്പ് ആരും കാണാതെ ആന്തരികശുദ്ധി വരുത്തുമ്പോൾ പ്രകാശം എല്ലാവരും കാണത്തക്കവിധത്തിൽ ബാഹ്യമായ മാർഗനിർദ്ദേശം നല്കുന്നു. രാഷ്ട്രീയ സംവിധാനങ്ങളിലുള്ള നമ്മുടെ സജീവ പങ്കാളിത്തത്തിലൂടെ രാഷ്ട്രീയത്തെ ആന്തരികമായും ബാഹ്യമായും ശുദ്ധീകരിക്കുകയും നേരായ മാർഗ്ഗത്തിലൂടെ നയിക്കുകയും ചെയ്യുന്ന ഉപ്പിന്റെയും പ്രകാശത്തിന്റെയും ദൗത്യമാണ് നാം നിറവേറ്റുന്നത്. ഈ ദൗത്യ നിർവ്വഹണത്തിനാവശ്യമായ കൃപാവരങ്ങൾ ദൈവം നാമേവർക്കും സമൃദ്ധമായി നല്കട്ടെ എന്നു പ്രാർത്ഥിക്കുന്നു.

നന്ദി. നമസ്ക്കാരം.